പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :655

04.02. 2020 ൽ മറുപടിക്ക്

## മണ്ണന്തല സർക്കാർ പ്രസ്സിലെ വാർഷിക പരിശോധന

ചോദ്യം

ശ്രീ.അൻവർ സാദത്ത്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് 2018-19, 2019-20 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല സർക്കാർ പ്രസ്സിൽ വാർഷിക പരിശോധന നടത്തിയിട്ടുണ്ടോ; | (എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് 2018-19 കാലയളവിൽ മണ്ണന്തല സർക്കാർ പ്രസ്സിൽ വാർഷിക പരിശോധന നടത്തിയിട്ടില്ല. എന്നാൽ 2019-20 കാലയളവിലെ വാർഷിക പരിശോധന 2020 ജനുവരി മാസത്തിൽ നടത്തിയിട്ടുണ്ട്. |
| (ബി) ഈ പ്രസ്സിലെ ഹൈടെൻഷൻ സംവിധാനത്തിന്റെ പരിപാലനത്തിനായി പര്യാപ്തമായ യോഗ്യതയുള്ള ജീവനക്കാരുടെ കുറവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഇല്ല,മണ്ണന്തല സർക്കാർ പ്രസ്സിൽ 500 കെ.വി.എ ട്രാൻസ്ഫോർമറുളള ഹൈടെൻഷൻ സംവിധാനമാണ് നിലവിലുള്ളത്. ഈ സംവിധാനത്തിന്റെ പരിപാലനത്തിനായി ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമയുള്ള ഒരു ചാർജ്കാരനും ഓരോ ഷിഫ്റ്റിലും ഇലക്ട്രിക്കൽ ഐ.ടി.ഐ യോഗ്യതയുള്ള രണ്ട് ഇലക്ട്രീഷ്യൻമാരുമാണ് ആവശ്യമുള്ളത്. രണ്ട് ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന മണ്ണന്തല സർക്കാർ പ്രസ്സിന്റെ ഹൈടെൻഷൻ സംവിധാനത്തിന്റെ പരിപാലനത്തിനായി ഡിപ്ലോമ യോഗ്യതയുള്ള ഒരു ചാർജുകാരനും നാല് ഇലക്ട്രീഷ്യൻമാരും ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട് |
| (സി) ഉണ്ടെങ്കിൽ അത്തരത്തിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ